**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2575 — 14.2.2013-ലെ മറുപടിക്ക്

**ആലപ്പുഴ ജനറൽ ആശുപത്രി വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആലപ്പുഴ ജനറൽ ആശുപത്രിയുടെ വികസനത്തിനായി പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | എ) ആലപ്പുഴ ജനറൽ ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 20 ലക്ഷം (ഇരുപത് ലക്ഷം രൂപ മാത്രം) രൂപയുടെ പ്രവർത്തനങ്ങൾക്ക് 2012-13 വർഷത്തെ പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് (25 ലക്ഷം രൂപയുടെ) ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുക ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർക്ക് കൈമാറിയിട്ടുണ്ട്. |
| ബി) ജനറൽ ആശുപത്രിയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) ട്രോമാകെയർ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ലഭിച്ചിട്ടുള്ള 20 ലക്ഷം (ഇരുപത് ലക്ഷം രൂപ മാത്രം) 13-ാം ധനകാര്യ കമ്മീഷൻ അവാർഡാണ് |
| സി) ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അനുവദനീയമായ തസ്തികകൾ എത്ര; ഇപ്പോൾ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ ; | സി) ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകൾ, ഇപ്പോൾ ജോലി ചെയ്യുന്നവർ, ഒഴിവുകൾ എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| ഡി) ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ? | ഡി) ഒഴിവുള്ള അസിസ്റ്റന്റ് സർജൻ, കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ തസ്തികയിലെ ഒഴിവുകൾ പി.എസ്. സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിയുടെ നിയമന നിർദ്ദേശം ലഭിച്ചിട്ടുണ്ട്. 23.2.2013-ൽ നടക്കുന്ന കൗൺസിലിംഗിൽ കൂടി ഈ ഒഴിവുകൾ നികത്തപ്പെടും. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യലിസ്റ്റ് തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | അനുവദിച്ച തസ്തിക | എണ്ണം | ജോലി ചെയ്യുന്നത് | ഒഴിവുകൾ |
|---|---|---|---|---|
| 1 | മെഡിസിൻ സീനിയർ കൺസൾട്ടന്റ് | 1 | 0 | 1 |
| | മെഡിസിൻ കൺസൾട്ടന്റ് | 2 | 1 | 1 |
| 2 | സർജറി കൺസൾട്ടന്റ് | 2 | 1 | 1 |
| | സർജറി ജൂനിയർ കൺസൾട്ടന്റ് | 1 | 1 | 0 |
| 3 | അനസ്തേഷ്യ കൺസൾട്ടന്റ് | 1 | 1 | 0 |
| | അനസ്തേഷ്യ ജൂനയർ കൺസൾട്ടന്റ് | 2 | 2 | 0 |
| 4 | പീഡിയാട്രിക് കൺസൾട്ടന്റ് | 2 | 2 | 0 |
| | പീഡിയാട്രിക് ജൂനിയർ കൺസൾട്ടന്റ് | 1 | 1 | 0 |
| 5 | ഒഫ്താൽമോളജി കൺസൾട്ടന്റ് | 1 | 1 | 0 |
| | ഒഫ്താൽമോളജിജൂനിയർ കൺസൾട്ടന്റ് | 2 | 2 | 0 |
| 6 | ഇ.എൻ.റ്റി.കൺസൾട്ടന്റ് | 1 | 1 | 0 |
| | ഇ.എൻ.റ്റി.ജൂനിയർ കൺസൾട്ടന്റ് | 1 | 1 | 0 |
| 7 | സൈക്യാട്രി മെഡിക്കൽ കൺസൾട്ടന്റ് | 1 | 1 | 0 |
| 8 | ഓർത്തോ കൺസൾട്ടന്റ് | 1 | 1 | 0 |
| | ഓർത്തോ ജൂനിയർ കൺസൾട്ടന്റ് | 1 | 1 | 0 |
| 9 | ഡർമറ്റോളജി കൺസൾട്ടന്റ് | 1 | 1 | 0 |
| 10 | റേഡിയോളജി ജൂനിയർ കൺസൾട്ടന്റ് | 1 | 1 | 0 |
| 11 | ഫോറൻസിക്മെഡിസിൻജൂനിയർകൺസൾട്ടന്റ് | 1 | 0 | 1 |
| 12 | ഫിസിക്കൽ മെഡിസിൻ ജൂനിയർകൺസൾട്ടന്റ് | 2 | 2 | 0 |
| 13 | റെസ്പിരേറ്റീവ് മെഡിസിൻ കൺസൾട്ടന്റ് | 1 | 1 | 0 |
| | റെസ്പിരേറ്റീവ് മെഡിസിൻ ജൂനിയർ കൺസൾട്ടന്റ് | 1 | 1 | 3 |
| 14 | ബ്ലഡ്ബാക് ജൂനിയർ കൺസൾട്ടന്റ് | 1 | 1 | 0 |
| 15 | ദന്തൽ ജൂനിയർ കൺസൾട്ടന്റ് | 1 | 1 | 0 |
| 16 | സൂപ്രണ്ട്(ഡെപ്യൂട്ടി ഡയറക്ടർ) | 1 | 1 | 0 |
| 17 | ദന്തൽ സിവിൽ സർജൻ | 1 | 1 | 0 |
| 18 | കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ | 4 | 1 | 3 |
| 19 | അസി.സർജൻ പുതിയതായി സൃഷ്ടിച്ച തസ്തിക | 6 | 0 | 6 |

സെക്ഷൻ ഓഫീസർ.